(ഡി) സ്ഥിരസ്വഭാവത്തോടു കൂടിയാണ് പ്രസ്തുത പോയിൻറിൽ ട്രാഫിക് ഐലൻറ് സ്ഥാപിച്ചിട്ടുള്ളത്. പ്രസ്തുത ട്രാഫിക് പോയിൻറിൽ ഡ്യൂട്ടിക്കായി എല്ലാ ദിവസവും ട്രാഫിക് കോൺസ്റ്റബിളിനെ നിയമിച്ചുവരുന്നുണ്ട്.

അസിസ്റ്റൻറ് പബ്ലിക് പ്രോസിക്യൂട്ടർമാരുടെ സീനിയോരിറ്റി ലിസ്റ്റ്

59 [1191] ശ്രീ. റ്റി. ശരത്ചന്ദ്ര പ്രസാദ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

അസിസ്റ്റൻറ് പബ്ലിക് പ്രോസിക്യൂട്ടർമാരുടെ സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ കാലതാമസം ഉണ്ടാകുവാൻ കാരണമെന്താണ്; ഇത് എന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

അസിസ്റ്റൻറ് പബ്ലിക് പ്രോസിക്യൂട്ടർമാരുടെ നിയമനം സംബന്ധിച്ച ഏതാനും കേസ്സുകൾ ഹൈക്കോടതിയിൽ നിലവിലുണ്ടായിരുന്നത് കൊണ്ടാണ് അവരുടെ സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ കാലതാമസം ഉണ്ടായത്. അവയിൽ ഭൂരിഭാഗം കേസ്സുകളിലും വിധി പ്രസ്താവിച്ചു കഴിഞ്ഞു. ബാക്കിയുള്ള കേസ്സുകളിൽകൂടി തീർപ്പ് കൽപ്പിക്കുന്ന മുറയ്ക്ക് അസിസ്റ്റൻറ് പബ്ലിക് പ്രോസിക്യൂട്ടർമാരുടെ സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്.

മലപ്പുറം ജില്ലയിലെ കുടുംബകോടതി

60 [1192] ശ്രീ. എ. സി. ഷൺമുഖദാസ്:
,, കെ. കൃഷ്ണൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയ്ക്കായി കുടുംബകോടതി രൂപീകരിക്കാത്തതിനെ ഹൈക്കോടതി വിമർശിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ജില്ലയിൽ കുടുംബകോടതി സ്ഥാപിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ, ബി) മലപ്പുറം ജില്ലയിലെ മഞ്ചേരിയിൽ ഒരു കുടുംബകോടതി സ്ഥിപിക്കണമെന്ന് ഹൈക്കോടതി ശുപാർശ ചെയ്തിട്ടുണ്ട്. ആയത് ഇപ്പോൾ സർക്കാരിൻെറ പരിഗണനയിലാണ്.

ജയിലുകളിലെ തടവുകാർ

61 [1193] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ ഇപ്പോൾ ആകെ എത്ര തടവുകാർ ഉണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അതിൽ രാഷ്ട്രീയ തടവുകാർ; സ്ത്രീ തടവുകാർ; കുട്ടികൾ; പട്ടികജാതി പട്ടികവർഗ്ഗക്കാർ എന്നിവർ എത്ര എന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1-2-1996-ലെ കണക്കനുസരിച്ച് ആകെ 4774 തടവുകാർ ഉണ്ട്.

(ബി) രാഷ്ട്രീയ തടവുകാർ—ഇല്ല
സ്ത്രീ തടവുകാർ—152 പേർ
16 വയസ്സിൽ താഴെ ഉള്ളവരെ ജയിലുകളിൽ തടവുകാരായി പാർപ്പിക്കാറില്ല. ജയിലുകളിൽ തടവുകാരായി കഴിയുന്ന അമ്മമാരോടൊപ്പം 5 കുട്ടികൾ താമസിക്കുന്നുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ഇനം തിരിച്ചുള്ള കണക്ക് ശേഖരിച്ചുവരുന്നു.

തിരുവനന്തപുരം സെൻട്രൽ ജയിൽ സ്ഥിതിചെയ്യുന്ന സ്ഥലം

62 [1194] ശ്രീ. എം. വിജയകുമാർ:
,, വർക്കല രാധാകൃഷ്ണൻ:
,, വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര ഏക്കർ സ്ഥലത്താണ് തിരുവനന്തപുരം സെൻട്രൽ ജയിൽ സ്ഥിതി ചെയ്യുന്നത്;

(ബി) സെൻട്രൽ ജയിൽ നിൽക്കുന്ന സ്ഥലം ഏതെങ്കിലും സ്ഥാപനങ്ങൾക്കോ വ്യക്തികൾക്കോ പതിച്ച് നൽകിയിട്ടുണ്ടോ?

ഉത്തരം

(എ, ബി) തിരുവനന്തപുരം സെൻട്രൽ ജയിലിന് 1991-ൽ 81.44 ഏക്കർ സ്ഥലം കൈവശമുണ്ടായിരുന്നതിൽ നിന്നും താഴെ രേഖപ്പെടുത്തിയിട്ടുള്ള വിധത്തിൽ ഭൂമി പതിച്ചു നൽകിയിട്ടുള്ളത് കഴിച്ച് സെൻട്രൽ ജയിലിലെ കെട്ടിടങ്ങളും കൃഷി സ്ഥലങ്ങളും ഉൾപ്പെടെ, ഇപ്പോൾ 77.51 ഏക്കർ സ്ഥലം കൈവശമുണ്ട്.

കേരള വാട്ടർ അതോറിറ്റി	..	21 സെൻറ്
രാജീവ് ഗാന്ധി സെൻറർ	..	3 ഏക്കർ
അച്യുതമേനോൻ ഫൗണ്ടേഷൻ	..	10 സെൻറ്
എം.എൽ.എ. റോഡ്	..	67 സെൻറ്
ആകെ	..	3.98 ഏക്കർ

LIBRARY ARCHIVES Kerala Legislative Assembly